നവകേരളം കർമപദ്ധതി

# നവകേരളം വാർത്ത

2024 ഡിസംബർ വാല്യം 2

ന്യൂസ് ലെറ്റർ

ഓൺലൈൻ

44

## ഉണർന്ന് പ്രവർത്തിക്കാൻ ഇനി വൈകരുത്

വികസന സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ വിട്ടുവീഴ്ചയില്ലാതെ നടപ്പാക്കി വരികയാണ് സംസ്ഥാന സർക്കാർ. വിദ്യാഭ്യാസം, ആരോഗ്യം, പാർപ്പിടം തുടങ്ങിയ മേഖലകളിലെല്ലാം ഇതിനകം പ്രകടമായ നേട്ടങ്ങളാണ് കൈവരിച്ചത്. ശുചിത്വം-മാലിന്യ സംസ്കരണം, ജലസംരക്ഷണം-ജലസുരക്ഷ, കൃഷി-പ്രകൃതി പുനസ്ഥാപനം തുടങ്ങിയ മേഖലകൾ കൂടുതൽ മികവിലേയ്ക്ക് ഉയർന്നു. 2024 ഒക്ടോബറിൽ തുടങ്ങിയ 'മാലിന്യമുക്ത നവകേരളത്തിനായി ജനകീയ ക്യാമ്പയിൻ' ആശാവഹമായ പുരോഗതി ആർജ്ജിച്ച് മുന്നേറുകയാണ്.

വികസന വിഷയങ്ങളിലും അനുബന്ധ പ്രശ്നങ്ങളിലും എന്നപോലെ പരിസ്ഥിതി വിഷയങ്ങളിലും ഗൗരവമായ ഇടപെടലുകൾ ഉണ്ടായേ മതിയാകൂ. പ്രകൃതിയ്ക്കും സഹജീവികൾക്കും അനുഗുണമായ രീതിയിൽ മനുഷ്യൻ ഭൂമിയിൽ പെരുമാറണമെന്ന ബോധ്യം മുൻനിർത്തി പരിസ്ഥിതി വിഷയങ്ങൾ രാഷ്ട്രീയമായി ചർച്ച ചെയ്യണം. ഇല്ലാതായിക്കൊണ്ടിരിക്കുന്ന പച്ചപ്പുകൾ തിരികെ കൊണ്ടുവരിക, ജലസമൃദ്ധി വീണ്ടെടുക്കുക, ശുചിത്വപാലനം പൗരധർമ്മമാക്കുക തുടങ്ങിയവ അടിസ്ഥാനമാക്കി ഇനിയും നമുക്ക് ഏറെ മുന്നേറാനുണ്ട് എന്ന കാര്യം പുതുവർഷം നമ്മെ ഓർമ്മിപ്പിക്കുന്നു.

മനുഷ്യർക്ക് മാത്രമല്ല മറ്റു ജന്തുജാലങ്ങൾക്കും കൂടിയുള്ളതാണ് ഭൂമി. ജീവജാലങ്ങൾക്കൊപ്പം മറ്റ് അജീവിയ ഘടകങ്ങളും ചേർന്നതാണ് നമ്മുടെ പരിസ്ഥിതി. നാടും നഗരവും മാത്രമല്ല കാടും കടലും മലിനമാക്കുംവിധം പരിസര മലിനീകരണം വർദ്ധിക്കുകയാണ്. ഈ വസ്തുതകൾ മുൻനിർത്തിയുള്ള ഓർമ്മപ്പെടുത്തലുകളേയും ബോധവൽക്കരണങ്ങളേയും അവഗണിക്കുന്ന ജഢത്വം ബാധിച്ച ജനതയെ ഇനി കാലം കൈയ്യേൽക്കില്ല. വൃത്തിയും ശുചിത്വവും പ്രകൃതിയുടെ ജൈവ രാസപ്രക്രിയയ്ക്ക് കൂടിയേതീരൂ എന്ന ബോധ്യം ഉൾക്കൊണ്ടുകൊണ്ട് സമ്പൂർണ്ണ മാലിന്യമുക്ത കേരളം സാധ്യമാക്കാനുള്ള ജനകീയ പ്രവർത്തനങ്ങൾ കൂടുതൽ കരുത്തോടെ മുന്നോട്ടു കൊണ്ടുപോകുമെന്ന് പുതുവർഷത്തിൽ നമുക്ക് ദൃഢനിശ്ചയം ചെയ്യാം.



ഏവർക്കും ഹൃദയംഗമമായ

പുതുവത്സര ആശംസകൾ

**ഡോ. ടി.എൻ. സീമ**
സംസ്ഥാന കോർഡിനേറ്റർ
നവകേരളം കർമപദ്ധതി

## മാലിന്യമുക്തം നവകേരളം ക്യാമ്പയിന് സർവ്വകക്ഷിയോഗത്തിൽ പിന്തുണ



മാലിന്യമുക്തം നവകേരളം ക്യാമ്പയിന് മുഖ്യമന്ത്രി പിണറായി വിജയൻ വിളിച്ചു ചേർത്ത സർവ്വകക്ഷിയോഗത്തിന്റെ പൂർണപിന്തുണ. തദ്ദേശ സ്വയംഭരണ തലത്തിലാണ് ഈ പരിപാടികൾ നടത്തുകയെന്നും അവിടെ എല്ലാവരുടെയും സഹകരണം ഉറപ്പാക്കണമെന്നും മുഖ്യമന്ത്രി യോഗത്തിൽ പറഞ്ഞു. മതസംഘടനകൾ ഉൾപ്പെടെ എല്ലാ സംഘടനകളെയും പരിപാടിയുമായി സഹകരിപ്പിക്കും. പദ്ധതി യാഥാർത്ഥ്യമാക്കാൻ രാഷ്ട്രീയ - ബഹുജന പങ്കാളിത്തം അനിവാര്യമാണെന്നും സമയബന്ധിതമായി ഇവ പൂർത്തീകരിക്കേണ്ടതുണ്ടെന്നും



മുഖ്യമന്ത്രി പറഞ്ഞു. സമഗ്രകാഴ്ചപ്പാടോടെ രാഷ്ട്രീയ പാർട്ടികളും ബഹുജന സംഘടനകളും ക്യാമ്പയിനുമായി സഹകരിക്കണമെന്ന് മുഖ്യമന്ത്രി അഭ്യർത്ഥിച്ചു.

ക്യാമ്പയിനിന് പ്രതിപക്ഷം പൂർണ പിന്തുണ നൽകുമെന്നും പരിപാടിയുമായി സഹകരിക്കാൻ നിർദേശം നൽകുമെന്നും പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ പറഞ്ഞു. രാഷ്ട്രീയ പാർട്ടികൾ നൽകിയ പിന്തുണയ്ക്ക് മുഖ്യമന്ത്രി നന്ദി അറിയിച്ചു. മന്ത്രി എം.ബി. രാജേഷ്, എം.വി. ഗോവിന്ദൻ എം.എൽ.എ. (സിപിഐഎം), പഴകുളം മധു (കോൺഗ്രസ് ഐ), ഇ. ചന്ദ്രശേഖരൻ എം.എൽ.എ. (സിപിഐ), എം.കെ. മുനീർ എം.എൽ.എ. (ഐയുഎംഎൽ), സ്റ്റീഫൻ ജോർജ് (കേരളാ കോൺഗ്രസ് എം), മോൻസ് ജോസഫ് എം.എൽ.എ. (കേരളാ കോൺഗ്രസ്), വി. മുരുകദാസ് (ജനതാദൾ എസ്.), മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി (കോൺഗ്രസ് എസ്) പി.എം. സുരേഷ് ബാബു (എൻസിപി), ഷാജ ജി.എസ്. പണിക്കർ ആർ.എസ്.പി. (ലെനിനിസ്റ്റ്), ബാബു ദിവാകരൻ (ആർ.എസ്.പി.), കാസിം ഇരിക്കൂർ (ഐഎൻഎൽ), പി.സി. ജോസഫ് (ജനാധിപത്യ കേരളാ കോൺഗ്രസ്), ചീഫ് സെക്രട്ടറി ശാരദാ മുരളീധരൻ എന്നിവർ യോഗത്തിൽ പങ്കെടുത്തു.



# ലൈഫിൽ 1000 പേർക്കുകൂടി ഭൂമി, മുൻഗണന അതിദരിദ്രർക്ക്

ലൈഫ് ഗുണഭോക്താക്കളായ ആയിരം ഭൂരഹിതർക്കുകൂടി ഭൂമി ലഭ്യമാക്കുന്നതിന് കെ ചിറ്റിലപ്പിള്ളി ഫൗണ്ടേഷൻ ലൈഫ് മിഷനുമായി രണ്ടാം ഘട്ടം ധാരണപത്രം ഒപ്പിട്ടു. മുഖ്യമന്ത്രി പിണറായി വിജയന്റെ സാന്നിധ്യത്തിൽ ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സൂരജ് ഷാജിയും കെ ചിറ്റിലപ്പിള്ളി ഫൗണ്ടേഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. ജോർജ് സ്ലീബയുമാണ് ഒപ്പിട്ടത്. മന്ത്രി എം ബി രാജേഷ്, ഫൗണ്ടേഷൻ സോഷ്യൽ ഇനിഷ്യേറ്റീവ്സ് ഡയറക്ടർ എസ് എം വിനോദ്, അസി. മാനേജർ ടാനിയ ചെറിയാൻ എന്നിവരും പങ്കെടുത്തു. ലൈഫ് ചിറ്റിലപ്പിള്ളി ഭവനപദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ അതിദരിദ്ര വിഭാഗത്തിൽ ഭൂമിയും വീടും വേണ്ടവർക്കാണ് പ്രഥമ പരിഗണന. ഭൂമി വാങ്ങാൻ ഒരു കുടുംബത്തിന് 2.5 ലക്ഷം രൂപ വരെയാണ് അനുവദിക്കുക. ഭൂമി ലഭ്യമായാലുടൻ ലൈഫ് മിഷൻ മുഖേന വീടുകൾ ഒരുക്കും.



ലൈഫ് ചിറ്റിലപ്പിള്ളി ഭവനപദ്ധതിയുടെ ആദ്യ ഘട്ടത്തിൽ 1000 ഭൂരഹിതർക്ക് ഭൂമി ലഭ്യമാക്കുന്നതിന് ഇതിനകം കഴിഞ്ഞു. 25 കോടി രൂപയാണ് ഫൗണ്ടേഷൻ ഇതിനായി ചെലവഴിച്ചത്. ഇപ്രകാരം ഭൂമി ലഭിച്ചവരിൽ 911 ഗുണഭോക്താക്കളുടെ വീട് നിർമാണം ലൈഫ് മിഷൻ വഴി ആരംഭിച്ചു. ഒന്നാം ഘട്ടം സമയബന്ധിതമായി പൂർത്തീകരിച്ചതിനു പിന്നാലെയാണ്, 1000 ഭൂരഹിതർക്കുകൂടി ഭൂമി ലഭ്യമാക്കുന്നതിന് കെ ചിറ്റിലപ്പിള്ളി ഫൗണ്ടഷൻ താൽപ്പര്യം അറിയിച്ചത്. ഇതിനുള്ള ധാരണപത്രത്തിലാണ് ഒപ്പിട്ടത്.

# കാനാമ്പുഴ പുനരുജ്ജീവനം ഒന്നാംഘട്ടം നാടിനു സമർപ്പിച്ചു

കണ്ണൂർ കാനാമ്പുഴ പുനരുജ്ജീവന പദ്ധതിയുടെ ഒന്നാംഘട്ടം പ്രദേശവാസികളുൾപ്പെടെ വൻ ജനാവലിയെ സാക്ഷിയാക്കി മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി നാടിനു സമർപ്പിച്ചു. ഏളയാവൂർ കൂടത്തിൻ താഴെയിൽ പുഴയോരത്ത് നടന്ന ചടങ്ങിൽ കൗൺസിലർ കെ. നിർമല അധ്യക്ഷയായി. നവകേരളം കർമപദ്ധതി ജില്ലാ കോർഡിനേറ്റർ ഇ.കെ. സോമശേഖരൻ റിപ്പോർട്ട് അവതരിപ്പിച്ചു. കൗൺസിലർ കെ. പ്രദീപൻ, കെ.കെ. പ്രകാശൻ, കെ.പി. രജനി, എസ്. ഷാഹിന, കെ. ബാബുരാജ്, പി. ഭരതൻ, എം.പി. രാഗിണി, എം. ഉണ്ണിക്കൃഷ്ണൻ തുടങ്ങിയവർ സംസാരിച്ചു. കൈയേറ്റങ്ങളും കരയിടിച്ചിലും മാലിന്യംതള്ളലും കാരണം നാശോന്മുഖമായ 10 കിലോമീറ്റർ ദൈർഘ്യമുള്ള പുഴയെ ജനകീയ പങ്കാളിത്തത്തോടെയാണ് വീണ്ടെടുത്തത്.






ചേലോറ ശിശു മന്ദിരം റോഡ് മുതൽ ചൊവ്വ റെയിൽവേ പാലം വരെയാണ് ഒന്നാംഘട്ടത്തിൽ പൂർത്തീകരിച്ചത്. ഹരിത കേരളം മിഷൻ പദ്ധതിയുടെ ഭാഗമായി ജലസേചന വകുപ്പിന്റെ പദ്ധതി വിഹിതത്തിൽ നിന്നും 4.40 കോടി രൂപയും കണ്ണൂർ മണ്ഡലം എം.എൽ.എ.യുടെ ആസ്തിവികസന ഫണ്ടിൽ നിന്നും രണ്ട് കോടി രൂപ ഉപയോഗിച്ചുമാണ് പുനരുദ്ധാരണ പ്രവർത്തനം നടത്തിയത്. സമീപപ്രദേശങ്ങളിലെ കൃഷിയിടങ്ങളിലേക്ക് ജലസേചന സൗകര്യം വർദ്ധിപ്പിച്ചു. പുഴയുടെ കരകൾ ബലപ്പെടുത്തൽ, നടപ്പാത, സൗരോർജ്ജ വിളക്കുകൾ എന്നിവയും സ്ഥാപിച്ചു. കാർഷിക മേഖലയ്ക്ക് വൻ നേട്ടമാണ് കാനാമ്പുഴയുടെ വീണ്ടെടുപ്പ്.



# ഇനി ഞാൻ ഒഴുകട്ടെ മൂന്നാം ഘട്ടം സംസ്ഥാനതല ഉദ്ഘാടനം മന്ത്രി എം.ബി. രാജേഷ് നിർവഹിച്ചു

പാലക്കാട് ജില്ല യിലെ തൃത്താല ഗ്രാമപഞ്ചായത്തിലുള്ള കണ്ണന്നൂർ തോട് വീണ്ടെടുക്കാനുള്ള ശുചീകരണ പ്രവർത്തനങ്ങളോടെ 'ഇനി ഞാൻ ഒഴുകട്ടെ' ക്യാമ്പയിന്റെ മൂന്നാംഘട്ടത്തിന് സംസ്ഥാനത്ത് തുടക്കമായി.

പരിപാടിയുടെ ഉദ്ഘാടനം 2024 ഡിസംബർ 15 ഞായറാഴ്ച വൈകുന്നേരം 3 മണിക്ക് മന്ത്രി എം.ബി. രാജേഷ് നിർവഹിച്ചു. 2025 മാർച്ച് 30 ന് കേരളം സമ്പൂർണ്ണ ശുചിത്വ പദവിയിലേക്ക് എത്തുന്നതിന് എല്ലാ വിഭാഗം ജനങ്ങളുടെയും കൂട്ടായ പ്രയത്നവും ശ്രദ്ധയും ഉണ്ടാവണമെന്നും മാലിന്യം വലിച്ചെറിയുന്നവർക്കെതിരെ ശക്തമായ നിയമനടപടികളുമായി പഞ്ചായത്തുകൾ മുന്നോട്ടു പോകേണ്ടതാണെന്നും അദ്ദേഹം പറഞ്ഞു. തൃത്താല ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. വി.പി. റെജീന അധ്യക്ഷത വഹിച്ച ചടങ്ങിൽ തൃത്താല ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി.കെ. ജയ സ്വാഗതം പറഞ്ഞു. തൃത്താല ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡണ്ട് കെ.പി. ശ്രീനിവാസൻ ശുചിത്വ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. നവകേരളം കർമ പദ്ധതി പ്രോഗ്രാം ഓഫീസർ ആർ.വി. സതീഷ് കുമാർ 'ഇനി ഞാൻ ഒഴുകട്ടെ' ക്യാമ്പയിൻ വിശദീകരണം നടത്തി. തുടർന്ന് 'ഇനി ഞാൻ ഒഴുകട്ടെ'- ബ്രോഷർ പ്രകാശനം തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടർ എ. നിസാമുദ്ദീൻ ഐ.എ.എസ്. തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ എം.കെ. ഉഷയ്ക്ക് നൽകി നിർവഹിച്ചു.



പട്ടിത്തറ പഞ്ചായത്ത് വൈസ് പ്രസിഡന്റ് സൈബ സദക്കത്തുള്ള, കപ്പൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ഷറഫുദ്ദീൻ കളത്തിൽ, നവകേരളം കർമപദ്ധതി ജില്ലാ കോ-ഓർഡിനേറ്റർ പി.സെയ്തലവി എന്നിവരും സംസാരിച്ചു. തൊഴിലുറപ്പ് പദ്ധതി ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർ ടി.എസ്. ശുഭ നന്ദി പറഞ്ഞു.

# രാജ്യത്ത് ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകുന്നത് കേരളത്തിൽ; മന്ത്രി വീണാ ജോർജ്

പരമാവധി പേർക്ക് സൗജന്യ ചികിത്സ നൽകുകയാണ് സർക്കാരിന്റെ ലക്ഷ്യമെന്ന് മന്ത്രി വീണാ ജോർജ്. ആരോഗ്യ മേഖലയിൽ സർക്കാർ നടത്തിയ ഇടപെടലുകൾക്ക് ഫലമുണ്ടായി. നാഷണൽ സ്റ്റാറ്റിറ്റിക്സ് സർവേ പ്രകാരം പത്ത് വർഷം മുമ്പ് സംസ്ഥാനത്തെ ആരോഗ്യത്തിലെ ഔട്ട് ഓഫ് പോക്കറ്റ് എക്സ്പെൻഡിച്ചറിനേക്കാൾ ചികിത്സാ ചെലവ് പകുതിയായി കുറഞ്ഞിട്ടുണ്ട്. രാജ്യത്ത് ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകുന്ന സംസ്ഥാനം കേരളമായതിനാലാണ് ഈ നേട്ടം കൈവരിക്കാനായത്. ഒരു വർഷം 1600 കോടിയിലധികം രൂപയാണ് സൗജന്യ ചികിത്സയ്ക്ക് മാത്രം സർക്കാർ ചെലവഴിക്കുന്നത്. തിരുവനന്തപുരത്ത് പേരൂർക്കട ജില്ലാ മാതൃകാ ആശുപത്രിയിലെ വിവിധ പദ്ധതികളുടെ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.



രോഗികൾക്ക് ഗുണമേന്മയുള്ള ചികിത്സ ഉറപ്പാക്കണം. ഒരാൾക്ക് ശാരീരികമായി രോഗം വരുമ്പോൾ മാനസികമായും വൈകാരികമായും സാമ്പത്തികമായും ബുദ്ധിമുട്ട് നേരിടും. അതുൾക്കൊണ്ട് അവരുടെ ചികിത്സ ഉറപ്പാക്കണം. അനാവശ്യമായി രോഗികളെ മെഡിക്കൽ കോളേജുകളിലേക്ക് റഫർ ചെയ്യരുത്. ചികിത്സാ സംവിധാനങ്ങളുള്ള താലൂക്ക്, ജില്ലാതല ആശുപത്രികളിൽ തന്നെ രോഗികളെ ചികിത്സിക്കണം. മെഡിക്കൽ കോളേജുകളുടെ ഭാരം കൂട്ടാതിരിക്കാനാണ് മറ്റ് ആശുപത്രികളെ ശാക്തീകരിക്കുന്നത്. ഓരോ ആശുപത്രിയുടേയും റഫറൽ ലിസ്റ്റ് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. സംസ്ഥാനത്ത് ആരോഗ്യ മേഖലയിൽ എട്ടര വർഷം കൊണ്ട് ചരിത്രത്തിലെ ഏറ്റവും അധികം വികസന പ്രവർത്തനങ്ങൾ നടന്ന കാലഘട്ടമാണ് ഇതെന്നും മന്ത്രി വ്യക്തമാക്കി.

# കരമന ഗവ. എച്ച്.എസ്.എൽ.പി. സ്കൂളിൽ വർണ്ണക്കൂടാരം പദ്ധതി





സ്റ്റാർസ് പദ്ധതിയുടെ ഭാഗമായി സമഗ്ര ശിക്ഷാ കേരളം അനുവദിച്ച വർണ്ണക്കൂടാരം മന്ത്രി വി. ശിവൻകുട്ടി ഉദ്ഘാടനം ചെയ്തു. പ്രീ - പ്രൈമറി വിദ്യാഭ്യാസം അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുക എന്ന ലക്ഷ്യത്തോടെ പഠനം പഞ്ചേന്ദ്രിയ അനുഭവവേദ്യമാക്കുന്നതിന് പ്രാധാന്യം നൽകിക്കൊണ്ട് 13 ഇടങ്ങൾ ഉൾപ്പെടുത്തിയാണ് വർണ്ണക്കൂടാരത്തിന്റെ നിർമ്മാണം. ഭാഷാ വികസനയിടം, ഗണിതയിടം, വരയിടം, കുഞ്ഞരങ്ങ് (ആവിഷ്കാരയിടം), ആട്ടവും പാട്ടും, ശാസ്ത്രാനുഭവയിടം, ഹരിതോദ്യാനം, പഞ്ചേന്ദ്രിയാനുഭവയിടം, നിർമ്മാണയിടം, കര കൗശലയിടം, നൂതന സാങ്കേതിക വിദ്യായിടം (e-ഇടം), കളിയിടം (അകംപുറം), ഫർണിച്ചർ ഇടം എന്നിങ്ങനെയുള്ള 13 ഇടങ്ങളും ശാസ്ത്രീയ പ്രീ സ്കൂളിങ് ഉറപ്പാക്കുന്നതിനായി സജ്ജീകരിച്ചിട്ടുള്ളതാണ്.

ഓരോ ഇടങ്ങളും കുട്ടികൾക്ക് രസകരവും വൈജ്ഞാനികവുമായ അനുഭവങ്ങൾ ആണ് സമ്മാനിക്കുന്നത്. ആർട്ടിസ്റ്റ് രഞ്ജിത്തിന്റെ മേൽനോട്ടത്തിലാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടന്നത്.

വാർഡ് കൗൺസിലർ മഞ്ജു ജി. എസിന്റെ അധ്യക്ഷതയിൽ കൂടിയ ഉദ്ഘാടന യോഗത്തിൽ ഡിസ്ട്രിക് പ്രൊജക്ട് കോഡിനേറ്റർ ഡോ. ബി നജീബ് പദ്ധതി വിശദീകരണം നടത്തി. എ.ഇ.ഒ. വി രാജേഷ് ബാബു, ഡിസ്ട്രിക് പ്രോഗ്രാം ഓഫീസർ ബിന്ദു ജോൺ ബി, സ്വാഗത സംഘം ചെയർമാൻ കരമന ഹരി, ബ്ലോക്ക് പ്രോജക്ട് കോഡിനേറ്റർ ആർ വിദ്യാവിനോദ്, രശ്മി എം.ബി., പ്രഥമാധ്യാപിക അജിത സി.പി. തുടങ്ങിയവർ സംസാരിച്ചു.

# ലൈഫ് പദ്ധതി പട്ടികയിലുള്ള മുഴവൻ പേർക്കും വീട് നൽകും : മന്ത്രി എം.ബി. രാജേഷ്



ലൈഫ് ഭവന പദ്ധതി പട്ടികയിലെ മുഴുവൻ പേർക്കും വീട് നൽകുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യമെന്ന് മന്ത്രി എം.ബി. രാജേഷ്. എറണാകുളം ഉദയംപേരൂർ ഗ്രാമപഞ്ചായത്തിലെ ലൈഫ് വീടുകളുടെ താക്കോൽദാനവും ഗുണഭോക്താക്കളുടെ സംഗമവും ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. 13 ലക്ഷം പേരാണ് സംസ്ഥാനത്ത് ലൈഫ് ഭവന പദ്ധതി പട്ടികയിലുള്ളത്. 5,31000 പേർ വീടുപണിക്ക് കരാറിലേർപ്പെട്ടു. 4,21,795 പേർ വീട് പണി പൂർത്തിയാക്കി. ഇത്രയും പേർക്ക് അടച്ചുറപ്പുള്ള സുരക്ഷിത ഭവനം നൽകാൻ കഴിഞ്ഞു. 1,0,9000 വീടുകൾ നിർമ്മാണ പുരോഗതിയിലാണ്. പട്ടികയിൽ അവശേഷിക്കുന്ന മുഴുവനാളുകൾക്കും വീട് നൽകണമെന്നാണ് സർക്കാർ ലക്ഷ്യം. ഭവന നിർമ്മാണത്തിന് ഇന്ത്യയിൽ ഏറ്റവും ഉയർന്ന തുക നൽകുന്നത് കേരളമാണ്. നാലുലക്ഷം രൂപയാണ് കേരളം നൽകുന്നത്. കേരളം കഴിഞ്ഞാൽ ഉയർന്ന തുക ആന്ധ്രപ്രദേശ് നൽകുന്ന ഒരു ലക്ഷത്തി എൺപതിനായിരം രൂപയാണ്. ഇതര സംസ്ഥാനങ്ങളിൽ പിഎംഎവൈ പദ്ധതി പ്രകാരം നിർമ്മിക്കുന്ന വീടുകളേക്കാൾ മികച്ച നിലവാരമുള്ളതാണ് കേരളത്തിലെ വീടുകൾ. ഈ വ്യത്യാസമുള്ളതുകൊണ്ടാണ് ഇവിടെ കൂടുതൽ തുക ചെലവഴിക്കേണ്ടി വരുന്നത്. ലൈഫ് പദ്ധതിയിൽ 18,080 കോടി രൂപയാണ് ഇതുവരെ ചെലവഴിച്ചത്. ഇതിൽ 2080 കോടി രൂപയാണ് കേന്ദ്ര വിഹിതം. 16000 കോടി രൂപ സംസ്ഥാന സർക്കാരും തദ്ദേശസ്ഥാപനങ്ങളും ചേർന്ന് വഹിക്കുന്നു. ഉദയംപേരൂർ കമ്യൂണിറ്റി ഹാളിൽ നടന്ന പരിപാടിയിൽ ശോഭ ഗോപി, സജിനി ബാബു, ബിജി ബിജു, ഒ.ബി. ബാബു എന്നിവർ മന്ത്രിയിൽ നിന്ന് ലൈഫ് വീടുകളുടെ താക്കോൽ ഏറ്റുവാങ്ങി. കെ.ബാബു എംഎൽഎ അധ്യക്ഷത വഹിച്ചു.

# ജലഗുണനിലവാര

## പരിശോധന ലാബ് ഉദ്ഘാടനം



എറണാകുളം എടക്കാട്ടുവയൽ ഗ്രാമപഞ്ചായത്തിലെ സെന്റ് പോൾസ് ഹയർ സെക്കണ്ടറി സ്കൂളിൽ സ്ഥാപിച്ചിട്ടുള്ള ജലഗുണനിലവാര പരിശോധന ലാബിന്റെ ഉദ്ഘാടനം സ്കൂൾ ഓഡിറ്റോറിയത്തിൽ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ബോബൻ കുര്യാക്കോസിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് അംഗം ബിജു തോമസ് ഉദ്ഘാടനം ചെയ്തു.



# കോടനാട് അഭയാരണ്യം ഇനി ഹരിത ടൂറിസ്റ്റ് കേന്ദ്രം

ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ എറണാകുളം ജില്ലയിലെ രണ്ടാമത്തെ മാതൃകാ ഹരിത ടൂറിസം കേന്ദ്രമായി കോടനാട് അഭയാരണ്യം. മാലിന്യമുക്തം ജനകീയ ക്യാമ്പയിന്റെ ഭാഗമായി സംഘടിപ്പിച്ച പരിപാടിയിൽ എറണാകുളം ജില്ലാ കളക്ടർ എൻ.എസ്.കെ. ഉമേഷ് ഐ.എ.എസ്. ഹരിത ടൂറിസ്റ്റ് കേന്ദ്രമായി പ്രഖ്യാപിച്ചു. കൂവപ്പടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മായ കൃഷ്ണകുമാർ അധ്യക്ഷത വഹിച്ചു. യോഗത്തിൽ ജില്ലാ പ്രസിഡന്റ് മനോജ് മൂത്തേടൻ, ബ്ലോക്ക് പ്രസിഡന്റ് എ.ടി. അജിത് കുമാർ, വൈസ് പ്രസിഡന്റ് എം.ഒ. ജോസ്, കാലടി പ്രകൃതി പഠന കേന്ദ്രം അസിസ്റ്റന്റ് ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ആർ ഡെൽറ്റോ എൽ. മറോക്കി, റെയ്ഞ്ചർ റഷീദ് ഉൾപ്പെടെയുള്ള വനംവകുപ്പിലെ വിവിധ ഉദ്യോഗസ്ഥർ, ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്റർ എസ്. രഞ്ജിനി, ഹരിത കർമസേനാംഗങ്ങൾ, വി.എസ്സ്.എസ്സ്. പ്രതിനിധികൾ, ആശാ വർക്കർമാർ, വിവിധ കക്ഷി രാഷ്ട്രീയ നേതാക്കൾ, ഹരിതകേരളം മിഷൻ പ്രോഗ്രാം ഓഫീസർ സുരേഷ് ഉണ്ണിരാജ, ഹരിതകേരളം മിഷൻ പ്രൊജക്ട് അസോസിയേറ്റ് കാർത്തിക എസ്., RP അഭിലാഷ് അനിരുദ്ധൻ തുടങ്ങിയവർ പങ്കെടുത്തു. ടൂറിസം കേന്ദ്രങ്ങളിൽ മാലിന്യ സംസ്കരണം, ഒറ്റ തവണ ഉപയോഗിക്കുന്ന ഉൽപ്പന്നങ്ങളുടെ കർശനമായ നിരോധനം നടപ്പാക്കൽ, ബദൽ സംവിധാനം ഏർപ്പെടുത്തൽ, ടോയ്‌ലറ്റ് സംവിധാനവും ദ്രവ മാലിന്യ സംസ്കരണവും കുറ്റമറ്റതാക്കൽ, എം.സി.എഫ്, മിനി എം.സി.എഫുകൾ, ബോട്ടിൽ ബൂത്തുകൾ സ്ഥാപിക്കൽ, സെക്യൂരിറ്റി ക്യാമറകൾ സ്ഥാപിക്കൽ തുടങ്ങിയ സംവിധാനങ്ങൾ ഉറപ്പുവരുത്തി കൊണ്ടാണ് ഹരിത ടൂറിസ്റ്റ് കേന്ദ്ര പ്രഖ്യാപനം നടത്തിയത്.

# ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ ബിനു പുഞ്ചക്കരിക്ക് ഫൈബർ ബോട്ട് കൈമാറി




വെള്ളായണി കായലിലും സമീപ ജലാശയങ്ങളിലും പ്രതിഫലേച്ഛയില്ലാതെ സ്വമേധയാ ശുചീകരണ പ്രവർത്തനത്തിലേർപ്പെട്ടു വരുന്ന പ്രദേശവാസിയായ ബിനു പുഞ്ചക്കരിക്ക് ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ യംഗ് ഇന്ത്യൻസ് തിരുവനന്തപുരം ചാപ്റ്റർ നൽകിയ ഫൈബർ ബോട്ട് നവകേരളം കർമപദ്ധതി സംസ്ഥാന കോർഡിനേറ്റർ ഡോ. ടി.എൻ. സീമ കൈമാറി. പരിസ്ഥിതി പുനസ്ഥാപനത്തിനും ശുചിത്വ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിലും നിസ്വാർത്ഥ സേവനം നൽകുന്നവരെ പ്രോത്സാഹിപ്പിക്കുകയും അംഗീകരിക്കുകയും ചെയ്യേണ്ടത് സമൂഹത്തിന്റെ കടമയാണെന്ന് ചടങ്ങ് ഉദ്ഘാടനം ചെയ്ത ഡോ. ടി.എൻ. സീമ പറഞ്ഞു.

കല്ലിയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എം. സോമശേഖരൻ നായർ ചടങ്ങിൽ അധ്യക്ഷനായി. വെങ്ങാനൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എസ്. ശ്രീകുമാർ, പുഞ്ചക്കരി വാക്കേഴ്സ് സെക്രട്ടറി മുകേഷ്, യംഗ് ഇന്ത്യൻസ് തിരുവനന്തപുരം ചാപ്റ്റർ പ്രതിനിധി ശങ്കരി ഉണ്ണിത്താൻ, നവകേരളം കർമപദ്ധതി അസിസ്റ്റന്റ് കോർഡിനേറ്റർ ടി.പി. സുധാകരൻ, പുഞ്ചക്കരി വാക്കേഴ്സ് പ്രതിനിധി നിഷ ഹമീദ് തുടങ്ങിയവർ സംസാരിച്ചു. പ്രദേശത്ത് പ്രഭാത സവാരിക്കെത്തുന്ന പുഞ്ചക്കരി വാക്കേഴ്സ്, സ്ഥലത്തെത്താറുള്ള പക്ഷി നിരീക്ഷകർ, ജനപ്രതിനിധികൾ, പരിസ്ഥിതി പ്രവർത്തകർ, രാഷ്ട്രീയ സാമൂഹ്യ സംഘടനാ പ്രവർത്തകർ, പൊതുജനങ്ങൾ തുടങ്ങിയവർ പരിപാടിയിൽ പങ്കെടുത്തു. മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായാണ് ബിനു പുഞ്ചക്കരിക്ക് ഫൈബർ ബോട്ട് നൽകിയത്.





# ഇനി ഞാൻ ഒഴുകട്ടെ മൂന്നാംഘട്ടം ജില്ലാതല ഉദ്ഘാടനം

മലപ്പുറം

ഹരിതകേരളം മിഷൻ സംഘടിപ്പിച്ച "ഇനി ഞാൻ ഒഴുകട്ടെ" മൂന്നാംഘട്ടത്തിന്റെ ജില്ലാതല ഉദ്ഘാടനം വെട്ടം ഗ്രാമ പഞ്ചായത്തിലെ കല്ലോവ്തോട് പരിസരത്ത് നടന്നു. ജലസ്രോതസ്സുകളുടെയും നീർച്ചാലുകളുടെയും വീണ്ടെടുപ്പ് ലക്ഷ്യമിട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലാണ് പരിപാടി. വെട്ടം കല്ലോവ്തോടിന്റെ നവീകരണത്തിന് തുടക്കമിട്ടുകൊണ്ട് മന്ത്രി വി. അബ്ദുറഹിമാൻ ഉദ്ഘാടനം നിർവ്വഹിച്ചു. ജലാശയങ്ങളെ മാലിന്യം തള്ളുന്ന സ്ഥലങ്ങൾ ആക്കരുതെന്നും നിലവിൽ ഉള്ള മാലിന്യങ്ങൾ യഥാവിധി നീക്കം ചെയ്ത് കൊണ്ട് സുഗമമായ നീരൊഴുക്ക് ഉറപ്പാക്കൽ ആണ് ഇതിലൂടെ സർക്കാർ ലക്ഷ്യം ഇടുന്നത്. ഹരിത കേരളം മിഷന്റെ ആഭിമുഖ്യത്തിൽ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെയും തൊഴിലുറപ്പ് പദ്ധതിയുടെയും സഹായത്തോടെ നടപ്പിലാക്കുന്ന "ഇനി ഞാൻ ഒഴുകട്ടെ" എന്ന ജനകീയ ക്യാമ്പയിനിൽ എല്ലാവരും അണി നിരന്നു കൊണ്ട് നമ്മുടെ ജില്ലയിലെ ജല സ്രോതസ്സുകളെ ശുചീകരിക്കാൻ നമുക്ക് സാധിക്കണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

## ജലസ്രോതസ്സുകളുടെ ജനകീയ വീണ്ടെടുപ്പ് മൂന്നാംഘട്ട പ്രവർത്തനങ്ങൾക്ക് ഇടുക്കി ജില്ലയിൽ തുടക്കം

ഇടുക്കി ശാന്തമ്പാറ

മാലിന്യമുക്തം ജനകീയ ക്യാമ്പയിനിന്റെ ഭാഗമായി ജല സ്രോതസ്സുകളുടെ പുനരുജ്ജീവനം ലക്ഷ്യമിട്ട് ഹരിതകേരളം മിഷൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ നടപ്പാക്കുന്ന 'ഇനി ഞാൻ ഒഴുകട്ടെ പദ്ധതിയുടെ മൂന്നാംഘട്ടത്തിന്റെ ജില്ലാതല ഉദ്ഘാടനം ശാന്തൻപാറ പഞ്ചാത്തിലെ പൂപ്പാറയിൽ എം.എം. മണി എം.എൽ.എ. നിർവഹിച്ചു. പഞ്ചായത്ത് പ്രസിഡന്റ് ലിജു വർഗീസ് അധ്യക്ഷനായി.



# ഇനി ഞാനൊഴു

## കോഴിക്കോട് ജില്ലാതല ഉ

ഇനി ഞാനൊഴുകട്ടെ ജനകീയ
കോഴിക്കോട് ജില്ലാ തല ഉദ്ഘ
ഗ്രാമപഞ്ചായത്തിലെ ആച്ചിക്കുള
തോടിൽ നടത്തി. ടി.പി രാമകൃഷ്ണ
ക്യാമ്പയിൻ ഉദ്ഘാടനം ചെയ്തു. സ
അന്തരീക്ഷം സൃഷ്ടിക്കാൻ മാലിന്യ
ങ്ങൾക്കായുള്ള ഇത്തരം മുന്നേറ്റ
അണിചേർന്ന് പ്രവർത്തിച്ചാലേ സ
എന്നും അദ്ദേഹം കൂട്ടിച്ചേർത്തു.
പഞ്ചായത്ത് പ്രസിഡന്റ് കെ.ടി. രാ
വഹിച്ചു സംസാരിച്ചു.







## കട്ടെ

### ൂദ്ഘാടനം

ക്യാമ്പയിനിന്റെ
ലാടനം മേപ്പയ്യൂർ
ങ്ങര- കണ്ടംചിറ
ുൻ എം.എൽ.എ
ബൂർണ ആരോഗ്യ
ൃ മുക്ത പ്രദേശ
ത്തിൽ ജനങ്ങളും
ാധിക്കുകയുള്ളൂ
മേപ്പയ്യൂർ ഗ്രാമ
ജൻ അദ്ധ്യക്ഷത


ഇടുക്കി


കൊല്ലം


തിരുവനന്തപുരം


കണ്ണൂർ


കോഴിക്കോട്


എറണാകുളം


കോട്ടയം


തൃശൂർ


പത്തനംതിട്ട


പാലക്കാട്


കാസർഗോഡ്


ആലപ്പുഴ


വയനാട്

# മലപ്പുറം നഗരപ്രദേശത്ത് ബോട്ടിൽ ബൂത്തുകൾ സ്ഥാപിച്ചു



വൃത്തിയുള്ളതും മാലിന്യരഹിതവുമായ മലപ്പുറം നഗരസഭ എന്ന ലക്ഷ്യത്തോടെ പൊതുജനങ്ങൾ കൂടുതൽ എത്തിച്ചേരുന്ന നഗര പ്രദേശങ്ങളിൽ മലപ്പുറം നഗരസഭ ബോട്ടിൽ ബൂത്തുകൾ സ്ഥാപിച്ചു. നഗരസഭാതല ഉദ്ഘാടനം മുനിസിപ്പൽ ബസ് സ്റ്റാൻഡിൽ നഗരസഭ ചെയർമാൻ മുജീബ് കാടേരി നിർവഹിച്ചു. മാലിന്യസംസ്കരണം കാര്യക്ഷമമാക്കുന്നതിന് നഗരസഭ നൂതന സംവിധാനങ്ങൾ ആസൂത്രണം ചെയ്തു വരികയാണെന്നും പൊതുജനങ്ങൾക്ക് പ്ലാസ്റ്റിക് ബോട്ടിലുകൾ നിക്ഷേപിക്കുന്നതിനായി നഗരസഭ ഒരുക്കിയ ബോട്ടിൽ ബൂത്തുകൾ ഉത്തരവാദിത്തതോടെ പൊതുജനങ്ങൾ ഉപയോഗപ്പെടുത്തണമെന്നും അദ്ദേഹം പറഞ്ഞു.

മുനിസിപ്പൽ ബസ് സ്റ്റാൻഡ്, സിവിൽ സ്റ്റേഷൻ, കെഎസ്ആർടിസി സ്റ്റാൻഡ്, മുണ്ടുപറമ്പ് ഗവൺമെന്റ് കോളേജ്, കോട്ടപ്പടി ബസ് സ്റ്റോപ്പ്, കോട്ടക്കുന്ന് പാർക്കിന്റെ മുൻവശം, ചാമക്കയം തൂക്കുപാലം, കളക്ടർ ബംഗ്ലാവിനു മുൻവശം എന്നിങ്ങനെ 14 സ്ഥലങ്ങളിലാണ് ബോട്ടിൽ ബൂത്ത് സ്ഥാപിക്കുന്നത്. നഗരസഭാ പ്രദേശത്തെ വിനോദ സഞ്ചാര കേന്ദ്രമായി വളർന്നുകൊണ്ടിരിക്കുന്ന ചാമക്കയം പ്രഭാത സായാഹ്ന സവാരി കേന്ദ്രത്തിനു സമീപം ബോട്ടിൽ ബൂത്ത് സ്ഥാപിച്ചുകൊണ്ടാണ് പ്രചാരണത്തിന് തുടക്കം കുറിച്ചത്. പാണക്കാട് മുനവ്വറലി ശിഹാബ് തങ്ങൾ, നഗരസഭാ ചെയർമാൻ, സ്റ്റാൻഡിങ് കമ്മറ്റി ചെയർമാന്മാർ എന്നിവരുടെ സാന്നിധ്യത്തിലായിരുന്നു പരിപാടി.

# കോന്നി ആനക്കൂട് ഹരിത ടൂറിസം കേന്ദ്ര പദവിയിലേക്ക്

മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി പത്തനംതിട്ട കോന്നി ആനക്കൂട് കേന്ദ്രത്തിൽ ഹരിത ടൂറിസം പ്രവർത്തനങ്ങളുടെ നടപടികൾ ആരംഭിച്ചു. കോന്നി ആനക്കൂട് കേന്ദ്രത്തിൽ ജൈവ-അജൈവ മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിന് പ്രത്യേക ബിന്നുകൾ സ്ഥാപിച്ചിട്ടുണ്ട്. ജൈവമാലിന്യങ്ങൾ പൂർണ്ണമായും സുരക്ഷിത സംസ്കരണം ഉറപ്പുവരുത്തി കൈമാറുന്നുണ്ട്. ആനപിണ്ഡം കുമ്മണ്ണൂർ റേഞ്ചിലെ തേക്ക് മരങ്ങൾക്ക് വളമായിട്ട് ഉപയോഗിച്ചു വരുന്നു. അജൈവ മാലിന്യം ഹരിത കർമസേനയ്ക്ക് കൈമാറുന്നു. വൃത്തിയുള്ളതും ജലലഭ്യതയുമുള്ള ശുചിമുറികൾ കൃത്യമായ ഇടവേളകളിൽ ശുചീകരിക്കുന്നുണ്ട്. മലിനജലം സംസ്കരിക്കാൻ സോക്ക്




പിറ്റ് സ്ഥാപിച്ചിട്ടുണ്ട്. കാന്റീനിൽ ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് കപ്പുകളും പ്ലേറ്റുകളും നിരോധിച്ചിട്ടുണ്ട്. ടൂറിസം കേന്ദ്രത്തിലെ ശുചിത്വമാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് സമിതി രൂപീകരിച്ചിട്ടുണ്ട്. നിർദ്ദേശക ബോർഡുകളും സ്ഥാപിച്ചിട്ടുണ്ട്.

# കരുമാല്ലൂരിൽ ജലഗുണനിലവാര പരിശോധന ലാബ്



ഹരിതകേരളം മിഷൻ, കേരള പുനർനിർമ്മാണ പദ്ധതിയുടെ സഹായത്തോടെ എറണാകുളം ജില്ലയിലെ കരുമാലൂർ ഗ്രാമപഞ്ചായത്തിലെ എഫ്.എം.സി.ടി. ഹയർ സെക്കൻഡറി സ്കൂളിൽ സ്ഥാപിച്ച ജലഗുണനിലവാര പരിശോധനാ ലാബിന്റെ ഉദ്ഘാടനം കരുമാലൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീലത ലാലു നിർവഹിച്ചു. എഫ്.എം.സി.ടി. സ്കൂൾ മാനേജർ ഫാ. അലക്സ് കരീമാടം ചടങ്ങിൽ അധ്യക്ഷനായി. പ്രിൻസിപ്പൽ പീറ്റർ ജോൺ, ഹെഡ്മിസ്ട്രസ് ജിഷ വർഗീസ്, പി.ടി.എ. പ്രസിഡന്റ് പോളി കളപ്പറമ്പത്ത് തുടങ്ങിയവർ പങ്കെടുത്തു.

# അതിഥിത്തൊഴിലാളികൾ താമസിക്കുന്നയിടത്ത് ശുചിത്വമുറപ്പിക്കാൻ ചപ്പാരപ്പടവ് പഞ്ചായത്ത്



മാലിന്യമുക്തം നവകേരളം പദ്ധതിയുടെ ഭാഗമായി കണ്ണൂർ ചപ്പാരപ്പടവിൽ അതിഥിത്തൊഴിലാളികൾ താമസിക്കുന്ന ഇടങ്ങൾ ശുചീകരിക്കാൻ പദ്ധതിയൊരുങ്ങുന്നു. ബോധവത്ക്കരണ ക്ലാസ്സുകൾ നടത്തുകയാണ് ആദ്യ നടപടി. ഇതിന്റെ ഭാഗമായി ബീഹാർ, മഹാരാഷ്ട്ര, ഒഡിഷ, ഗുജറാത്ത്, ഝാർഖണ്ഡ് എന്നിവിടങ്ങളിൽ നിന്നുള്ള തൊഴിലാളികൾ താമസിക്കുന്ന പറക്കോട് പ്രദേശത്തെ കോളനിയിൽ ബോധവത്ക്കരണം നടത്തി. പഞ്ചായത്ത് പ്രസിഡന്റ് സുനിജ ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു.

## മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിൽ ഹരിത പ്രഖ്യാപനങ്ങൾ

മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി വയനാട് മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിലെ ഹരിത വിദ്യാലയം, ഹരിത ഓഫീസ്, ഹരിത അയൽക്കൂട്ടം, ഹരിത ടൗൺ, എന്റെ വാർഡ് 100/100 ക്യാമ്പയിനുകളുടെ പ്രഖ്യാപനവും സർട്ടിഫിക്കറ്റ് വിതരണവും ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി.കെ വിജയൻ നിർവഹിച്ചു. ഗ്രാമപഞ്ചായത്ത് ഹാളിൽ നടന്ന പരിപാടിയിൽ ആരോഗ്യ സ്റ്റാൻഡിങ് ചെയർമാൻ ഷൈജു പഞ്ഞിതോപ്പിൽ അധ്യക്ഷത വഹിച്ചു. നവകേരളം കർമപദ്ധതി ജില്ലാ കോർഡിനേറ്റർ ഇ. സുരേഷ് ബാബു



ക്യാമ്പയിൻ വിശദീകരണം നടത്തി.

പെരിക്കല്ലൂർ ടൗൺ ഹരിത ടൗൺ ആയി പ്രഖ്യാപിച്ചു. ക്യാമ്പയിന്റെ ഭാഗമായി ഹരിത ടൗൺ ശുചിത്വ കമ്മിറ്റിയും വ്യാപാരി വ്യവസായികളുടെ നേതൃത്വത്തിൽ രൂപീകരിച്ചു. പഞ്ചായത്ത് ഉദ്യോഗസ്ഥർ, ഹരിത കർമസേന അംഗങ്ങൾ, ഹരിതകേരളം മിഷൻ ടീം, കുടുംബശ്രീ അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.

## അമ്പലവയൽ ഗ്രാമപഞ്ചായത്തിൽ കുട്ടികളുടെ ഹരിതസഭ

മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി വയനാട് അമ്പലവയൽ ഗ്രാമപഞ്ചായത്തിലെ വിവിധ വിദ്യാലയങ്ങളിലെ കുട്ടികളെ പങ്കെടുപ്പിച്ച് GLP സ്കൂളിൽ കുട്ടികളുടെ



ഹരിതസഭ സംഘടിപ്പിച്ചു. പഞ്ചായത്ത് പ്രസിഡന്റ് ഹഫ്സത്ത് സി.കെ. ഉദ്ഘാടനം ചെയ്തു. പഞ്ചായത്തിലെ 16 സ്കൂളുകളിൽ നിന്നും 190ൽ പരം കുട്ടികൾ പങ്കെടുത്തു. ഹരിതസഭയിൽ കുട്ടികൾ വിദ്യാലയങ്ങളിലെ വിവിധ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളെ കുറിച്ച് വിശദമായ റിപ്പോർട്ട് അവതരിപ്പിച്ചു. കൂടാതെ മാലിന്യ സംസ്കരണ രംഗത്തെ വിവിധങ്ങളായ നൂതനാശയങ്ങളും അവരുടെ സ്കൂളിലെ വിവിധ മാതൃകകളും അവതരിപ്പിച്ചു. കുട്ടികളിൽ നിന്നും തിരഞ്ഞെടുത്ത പാനൽ ആണ് ഹരിതസഭ നിയന്ത്രിച്ചത്. കുട്ടികൾക്ക് ഹരിതസഭയിൽ ജനപ്രതിനിധികളോട് ആശയസംവാദം നടത്താനുള്ള അവസരവും ഒരുക്കിയിരുന്നു. കുട്ടികൾ ഉന്നയിച്ച വിവിധ ചോദ്യങ്ങൾക്ക് പഞ്ചായത്ത് സെക്രട്ടറിയും ഭരണ സമിതി അംഗങ്ങളും വിശദമായ മറുപടി നൽകി.

## ഹരിത സർട്ടിഫിക്കറ്റ് വിതരണവും ബോധവൽക്കരണ ക്ലാസും

പാലക്കാട് മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി നെന്മാറ ബ്ലോക്കിലെ പല്ലാവൂർ ചിന്മയാ വിദ്യാലയത്തിന് ഹരിത വിദ്യാലയം സർട്ടിഫിക്കറ്റ് കൈമാറി. ചിന്മയാ



സ്കൂളിൽ നടന്ന ചടങ്ങിൽ ഹരിത വിദ്യാലയം സർട്ടിഫിക്കറ്റ് സ്കൂൾ ഹെഡ്മിസ്ട്രസിന് കൈമാറി. ചടങ്ങിൽ ശുചിത്വ പ്രതിജ്ഞയെടുത്തു. മാലിന്യമുക്തം നവകേരളം എന്ന വിഷയത്തിൽ റിസോഴ്സ് പേഴ്സൺ ക്ലാസെടുത്തു.

## ഭരണിക്കാവ് ഗ്രാമപഞ്ചായത്തിൽ ജലബജറ്റ്

ആലപ്പുഴ ഭരണിക്കാവ് ഗ്രാമപഞ്ചായത്ത് ജലബജറ്റ് പ്രസിദ്ധീകരിച്ചു. ജലബജറ്റ് അവതരണത്തിന്റെ ഉദ്ഘാടനം ഭരണിക്കാവ് പഞ്ചായത്ത് പ്രസിഡന്റ് കെ. ദീപ നിർവഹിച്ചു. ഹരിത കേരളം മിഷൻ ആലപ്പുഴ ജില്ലാ കോർഡിനേറ്റർ കെ.എസ്. രാജേഷ് ജലബജറ്റ് അവതരിപ്പിച്ചു. ഭരണിക്കാവ് പഞ്ചായത്തിൽ തൊഴിലുറപ്പ്



പദ്ധതിയിൽ ഉൾപ്പെടുന്ന മഴക്കുഴികൾ തീർക്കുക വഴിയും വീടുകളിൽ മഴവെള്ളം സംഭരിക്കുന്നത് വഴിയും ജലക്കൊയ്ത്ത് നടത്താവുന്നതാണ്. ജലബജറ്റിന്റെ പ്രാധാന്യവും ബജറ്റ് പ്രകാരം ജലം അധികമായിവന്നതും ഇനി ഭാവിയിലേക്ക് മിച്ചം വന്ന ജലം ഉപയോഗിക്കേണ്ടതിനെപ്പറ്റിയും സംസാരിച്ചു.



# അങ്കമാലിയിൽ

## പച്ചത്തുരുത്ത് നിർമ്മാണം

എറണാകുളം അങ്കമാലി നഗരസഭ മൂന്നാംവാർഡിൽ മാഞ്ഞാലി തോടിന്റെ കരയിൽ ഫലവൃക്ഷത്തൈകൾ ഉൾപ്പടെ 300 വൃക്ഷത്തൈ നട്ട് രൂപപ്പെടുത്തുന്ന പച്ചത്തുരുത്ത് നിർമ്മാണം നഗരസഭ ചെയർമാൻ മാത്യു തോമസ് ഉദ്ഘാടനം ചെയ്തു. അയ്യങ്കാളി നഗരസഭ തൊഴിലുറപ്പ് പദ്ധതിയും ഹരിതകേരളം മിഷനും ചേർന്ന് സങ്കല്പതരു ഫൗണ്ടേഷന്റെ സഹകരണത്തോടെയൊണ് പദ്ധതി നടപ്പിലാക്കുന്നത്. വൃക്ഷത്തൈകൾക്കെല്ലാം ഇരുമ്പ് വല കൊണ്ടുള്ള സംരക്ഷണകവചം സ്ഥാപിച്ച് സുരക്ഷിതമാക്കിയിട്ടുണ്ട്. തൈകൾ വളർന്ന് വലുതാകുന്നത് വരെയുള്ള പരിപാലന ദൗത്യം നഗരസഭ നിർവ്വഹിക്കും. രാജ്യത്തുടനീളം സർക്കാർ വക തരിശുഭൂമികൾ കണ്ടെത്തി ഹരിതാഭമാക്കുന്ന സങ്കല്പതരു ഫൗണ്ടേഷന്റെ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഈ പച്ചത്തുരുത്ത് നിർമ്മാണം നടത്തിയിട്ടുള്ളത്. ഉദ്ഘാടന യോഗത്തിൽ നഗരസഭ ഉപാദ്ധ്യക്ഷ സിനി മനോജ് അദ്ധ്യക്ഷത വഹിച്ചു. സങ്കല്പതരു ഗ്രൗണ്ട് കോർഡിനേറ്റർ വജ്രവേലു മുഖ്യാതിഥി ആയിരുന്നു. ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്റർ എസ്. രഞ്ജിനി പദ്ധതിയുടെ പ്രാധാന്യവും നടത്തിപ്പും വിശദീകരിച്ചു.

# കൊയ്ത്തുൽസവം സംഘടിപ്പിച്ചു

ഇടുക്കി കട്ടമുടി കുഞ്ചിപ്പെട്ടിക്കുടി പാടശേഖരം ആദ്യഘട്ട കൊയ്ത്തുൽസവം സംഘടിപ്പിച്ചു. ദേവികുളം എംഎൽഎ അഡ്വ. എ. രാജ വിളവെടുപ്പ് ഉദ്ഘാടനം ചെയ്തു.

കഴിഞ്ഞവർഷം 5 ഏക്കറിൽ താഴെ കൃഷി ചെയ്തിരുന്ന കട്ടമുടി കുഞ്ചിപ്പെട്ടിക്കുടി പാടശേഖരത്തിൽ ഈ വർഷം 14.4 ഏക്കറിലേക്ക് നെൽകൃഷി വർദ്ധിപ്പിച്ചിരുന്നു. 17 വ്യക്തിഗത കർഷകരും മൂന്ന് കുടുംബശ്രീ യൂണിറ്റുകളും ഉൾപ്പെടെ 20 കർഷകരാണ് ഇപ്രാവശ്യം നെൽകൃഷി ചെയ്യുന്നത്. കഴിഞ്ഞവർഷം 5 കർഷകർ മാത്രം കൃഷി ചെയ്തിരുന്നിടത്ത് നിന്നാണ് ഈ വലിയ മാറ്റം സാധ്യമാക്കിയത്. ഇനിയും പാടശേഖരത്തിലെ തരിശു കിടക്കുന്ന മറ്റു ഭാഗങ്ങൾ കൂടി കൃഷിയോഗ്യമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

അടിമാലി ഗ്രാമപഞ്ചായത്തിലെ നാലാം വാർഡിൽ ഉൾപ്പെട്ട പൂർണ്ണമായും ആദിവാസി വിഭാഗങ്ങൾ മാത്രം ഉൾക്കൊള്ളുന്ന പ്രദേശമാണ് കട്ടമുടി കുഞ്ചിപെട്ടി. മുതുവാൻ വിഭാഗത്തിൽപ്പെട്ട ആളുകളാണ് ഇവിടെയുള്ളത്. വനത്താൽ ചുറ്റപ്പെട്ട ഇവിടം ഏകദേശം 20 ഏക്കറിൽ കൂടുതൽ വ്യാപിച്ചുകിടക്കുന്ന പാടശേഖരമാണുള്ളത് ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ കുടിയിലെ നെൽകൃഷി മുന്നോട്ടുകൊണ്ടുപോകാൻ പ്രോത്സാഹനം നൽകി വരികയാണ്. ഇതിനായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനമാണ് നടന്നുകൊണ്ടിരിക്കുന്നത്.

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സലിം അലി ഫൗണ്ടേഷൻ, കാർഷിക വികസന കാർഷിക ക്ഷേമ വകുപ്പ്, കൃഷി വിജ്ഞാൻ കേന്ദ്ര, പട്ടികവർഗ്ഗ വികസന വകുപ്പ്, അടിമാലി ഗ്രാമപഞ്ചായത്ത്, മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, കുടുംബശ്രീ മിഷൻ തുടങ്ങിയവരെ സംയോജിപ്പിച്ചു കൊണ്ടാണ് പദ്ധതി പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നത്.

ഹരിതകേരളം മിഷൻ ജില്ലാ കോഡിനേറ്റർ അജയ് പി. കൃഷ്ണ, കൃഷി ഓഫീസർ സിജി എം.എ., എ.ഡി.എ. പ്രിയ പീറ്റർ, സലിം അലി ഫൗണ്ടേഷൻ ഡയറക്ടർ ലളിത വിജയൻ, കെ.വി.കെ. ഫീൽഡ് ഓഫീസർ ആഷിബ, മുതുവാൻ സമുദായ സംഘടനാ സംസ്ഥാന പ്രസിഡണ്ട് പാൽരാജ്, പാടശേഖര സമിതി പ്രസിഡണ്ട് ജയേഷ് വനരാജൻ തുടങ്ങിയവർ പങ്കെടുത്തു.





# എം.ജി.എം. പബ്ലിക് സ്കൂളിൽ പച്ചത്തുരുത്ത് പദ്ധതി

തിരുവനന്തപുരം മംഗലപുരം ഗ്രാമപഞ്ചായത്തും ഹരിതകേരളം മിഷനും ചേർന്ന് മംഗലപുരം വരിക്കുമുക്ക് വാർഡിലെ എം.ജി.എം. പബ്ലിക് സ്കൂളിൽ പച്ചത്തുരുത്ത് പദ്ധതിക്ക് തുടക്കം കുറിച്ചു. ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് മുരളീധരൻ നായരുടെ അധ്യക്ഷതയിൽ പഞ്ചായത്ത് പ്രസിഡന്റ് സുമ ഇടവിളാകം വിദ്യാർത്ഥി പ്രതിനിധി ജിയ ജിതിനൊപ്പം മാവിൻ തൈ നട്ട് ഉദ്ഘാടനം നിർവഹിച്ചു. ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്യാംകുമാർ പച്ചത്തുരുത്ത് പദ്ധതിയെക്കുറിച്ചും ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളെക്കുറിച്ചും വിദ്യാർത്ഥികൾക്ക് അവബോധം നൽകി.

## പേരാവൂർ ബ്ലോക്കിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ സമ്പൂർണ ഹരിതം

മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി കണ്ണൂർ പേരാവൂർ ബ്ലോക്ക് പരിധിയിലെ മുഴുവൻ വിദ്യാലയങ്ങളേയും കലാലയങ്ങളേയും ഹരിത-ശുചിത്വ സ്ഥാപനങ്ങളായി പ്രഖ്യാപിച്ചു. ഏഴ് ഗ്രാമപഞ്ചായത്തിലായി സ്ഥിതി ചെയ്യുന്ന 76 വിദ്യാലയങ്ങളും 5 കോളേജുകളുമാണ് ശുചിത്വ പരിപാലന രംഗത്ത് മികച്ച സജീകരണങ്ങൾ ഒരുക്കി സർക്കാർ നിശ്ചയിച്ച ഗ്രേഡിലേക്ക് ഉയർന്നത്. ജൈവ-ദ്രവ മാലിന്യങ്ങൾ



ശാസ്ത്രീയമായി സംസ്ക്കരിക്കുകയും അജൈവ മാലിന്യങ്ങൾ തരം തിരിച്ചു ഹരിതകർമസേനക്ക് കൈമാറുകയും ചെയ്യുന്നത് നടപ്പിലാക്കുന്ന സ്ഥാപനങ്ങൾക്കാണ് ഗ്രേഡ് നൽകുക. ഇത് കൂടാതെ കൃഷി, പച്ചത്തുരുത്തുകൾ, പൂന്തോട്ടങ്ങൾ എന്നിവയൊരുക്കിയ സ്കൂളുകളെ സ്റ്റാർ പദവി നൽകി മാതൃക വിദ്യാലയങ്ങളായി പ്രഖ്യാപിക്കും. ഇത്തരത്തിൽ തിരഞ്ഞെടുത്ത 14 സ്കൂളുകൾക്കും അഞ്ച് കലാലയങ്ങൾക്കും ഉപഹാരവും നൽകി. റോബിൻസ് ഹാളിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. കെ.കെ. രത്നകുമാരി സമ്പൂർണ ഹരിത വിദ്യാലയ കലാലയ പ്രഖ്യാപനവും മാതൃക വിദ്യാലയങ്ങൾക്കുള്ള ഉപഹാര വിതരണവും നടത്തി. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ. സുധാകരൻ അധ്യക്ഷനായി. ഹരിത കലാലയങ്ങൾക്കുള്ള ഉപഹാര വിതരണം ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് അഡ്വ. ബിനോയ് കുര്യനും, സർട്ടിഫിക്കറ്റ് വിതരണം ഉപജില്ല വിദ്യാഭ്യാസ ഓഫീസർ സി.കെ. സത്യനും നിർവഹിച്ചു. ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്റർ ഇ.കെ. സോമശേഖരൻ പദ്ധതി വിശദീകരിച്ചു.

## മേലാറ്റൂർ ടൗൺ ഹരിത ടൗൺ ആയി

മാലിന്യമുക്തം നവകേരളം ക്യാമ്പയിന്റെ ഭാഗമായി മലപ്പുറം മേലാറ്റൂർ ടൗണിനെ ഹരിത ടൗൺ ആയി പ്രഖ്യാപിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.ടി മുഹമ്മദ് ഇഖ്ബാൽ പ്രഖ്യാപനം നടത്തി. ടൗണിൽ മാലിന്യങ്ങൾ വലിച്ചെറിയുന്നതും ഒറ്റത്തവണ ഉപയോഗിച്ച് വലിച്ചെറിയുന്ന പ്ലാസ്റ്റിക് വസ്തുക്കളും പൂർണ്ണമായി നിരോധിച്ചു. കടകളിലും സ്ഥാപനങ്ങളിലും ചെടിചട്ടികൾ സ്ഥാപിച്ച് ഹരിതാഭമാക്കണമെന്നും സ്ഥാപനങ്ങൾക്കും കടകൾക്കും മുൻപിൽ വേസ്റ്റ് ബിൻ സ്ഥാപിക്കണമെന്നും, അജൈവമാലിന്യങ്ങൾ യൂസർഫീയോടുകൂടി ഹരിത കർമസേനയ്ക്ക് കൈമാറണമെന്നും കടകളിലും സ്ഥാപനങ്ങളിലും ബോധവൽക്കരണ പോസ്റ്ററുകൾ സ്ഥാപിക്കണമെന്നും, നിലവിലുള്ള വിവിധ മാലിന്യ സംഭരണ/സംസ്കരണ സംവിധാനങ്ങൾ പരമാവധി ഉപയോഗപ്പെടുത്തണമെന്നും ജൈവമാലിന്യങ്ങളും ദ്രവമാലിന്യങ്ങളും ശാസ്ത്രീയമായിത്തന്നെ സംസ്കരിക്കണമെന്നും പ്രഖ്യാപന ചടങ്ങിൽ പഞ്ചായത്ത് പ്രസിഡന്റ് ജനങ്ങളോട് അഭ്യർത്ഥിച്ചു. ചടങ്ങിൽ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ പി.പി. കബീർ അധ്യക്ഷത വഹിച്ചു. പ്രഖ്യാപന



ത്തോടനുബന്ധിച്ചുള്ള ശുചിത്വ സന്ദേശപദയാത്രയിൽ വാർഡ് അംഗങ്ങൾ, വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, കുടുംബശ്രീ പ്രവർത്തകർ, വ്യാപാരി പ്രതിനിധികൾ, ഹരിത കർമ സേന അംഗങ്ങൾ തുടങ്ങിയവർ പങ്കാളികളായി.

## പാം ബയോ ഗ്രീൻ മാന്വൽ ജൈവ വളം വില്പനയ്ക്ക്

പത്തനംതിട്ടയിലെ സർക്കാർ ഓഫീസ് സമുച്ചയങ്ങളിലെ ജൈവ മാലിന്യത്തിൽ നിന്നും ഉത്പാദിപ്പിച്ച ജൈവ വളം വില്പനയ്ക്ക് എത്തിച്ച് പത്തനംതിട്ട നഗരസഭയിലെ ഹരിത കർമസേന. "പാം ബയോ ഗ്രീൻ മാന്വർ" എന്ന പേരിലാണ് പുറത്തിറക്കിയിരിക്കുന്നത്. മാലിന്യ മുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി എല്ലാ സർക്കാർ ഓഫീസുകളും ഹരിത ഓഫീസാക്കി മാറ്റുന്നതിന്റെ ഭാഗമായി കളക്ടേറ്റ്, മിനി സിവിൽ സ്റ്റേഷൻ, എസ്.പി. ഓഫീസ് എന്നിവിടങ്ങളിൽ നഗരസഭ പോർട്ടബിൾ ബയോ ബിൻ സ്ഥാപിച്ചു. ഓഫീസുകളിലെ ജൈവ മാലിന്യങ്ങൾ ജീവനക്കാർ തന്നെ ഓഫീസുകളിൽ സ്ഥാപിച്ച ബിന്നുകളിൽ നിക്ഷേപിക്കും.ഹരിത കർമസേനാംഗങ്ങൾ ദിവസേന ഇത് ശേഖരിച്ച് പ്രത്യേകം സൂക്ഷിച്ചിട്ടുള്ള പോർട്ടബിൾ ബയോ



ബിന്നുകളിൽ നിക്ഷേപിച്ച ശേഷം അതിനു മുകളിലായി പ്രത്യേകം തയ്യാറാക്കിയ ഇനോക്കുലം വിരിക്കും. ഇങ്ങനെ നിക്ഷേപിക്കുന്ന മാലിന്യത്തിൽ നിന്നാണ് ഹരിത കർമസേന ജൈവ വളം തയ്യാറാക്കുന്നത്.



## ഹരിത കതിരുത്സവം

പാലക്കാട്, നെന്മാറ ബ്ലോക്കിലെ പഞ്ചായത്തുകളിൽ വൃശ്ചികം - ധനു മാസങ്ങളിലെ കതിരുത്സവം വളരെ പ്രശസ്തമാണ്. കാർഷിക സംസ്ക്കാരത്തിന്റെ ഭാഗമായി ജനകീയമായാണ് ഉത്സവം നടത്തുന്നത്. അയിലൂരിൽ ഡിസംബർ 15, 16 തീയതികളിൽ നടന്ന കതിരുത്സവം ഹരിത കതിരുത്സവമാക്കാൻ തദ്ദേശ സ്വയംഭരണ വകുപ്പ്, ഹരിതകേരളം മിഷൻ, ഐ.ആർ.ടി.സി. എന്നിവർ കൂട്ടായി തീരുമാനിച്ചു. ഉത്സവം നടക്കുന്ന ക്ഷേത്ര പരിസരങ്ങളിൽ ജൈവ, അജൈവ മാലിന്യങ്ങൾ ശേഖരിക്കാൻ പ്രത്യേകം പനമ്പുകൊട്ടകൾ വെച്ചു. അവയിൽ നിറഞ്ഞ അജൈവ മാലിന്യങ്ങൾ എം.സി.എഫിലേക്കും ജൈവ മാലിന്യങ്ങൾ പരിസരത്തൊരുക്കിയ കമ്പോസ്റ്റ് പിറ്റുകളിലേക്കുമായി ഹരിത കർമസേനക്കാർ മാറ്റുകയും ചെയ്തു.

## സർഗ്ഗാലയ ഇനി ഹരിത വിനോദ സഞ്ചാര കേന്ദ്രം

കോഴിക്കോട് പയ്യോളി ഇരിങ്ങൽ സർഗ്ഗാലയ ആർട്സ് & ക്രാഫ്റ്റ് വില്ലേജ് ഇനി മുതൽ ഹരിത വിനോദ സഞ്ചാര കേന്ദ്രമായി മാറും. ഹരിത വിനോദ സഞ്ചാര കേന്ദ്രമായി ജില്ലാ ഹരിതകേരള മിഷനാണ് സർഗ്ഗാലയയെ തെരെഞ്ഞെടുത്തത്. ഹരിത വിനോദ സഞ്ചാര കേന്ദ്രമായി സർഗ്ഗാലയയെ നഗരസഭ ചെയർമാൻ വി.കെ അബ്ദുറഹിമാൻ പ്രഖ്യാപിച്ചു. ചടങ്ങിൽ ഹരിതകേരളം മിഷന്റെ സർട്ടിഫിക്കറ്റും ചെയർമാൻ, സർഗ്ഗാലയ ജനറൽ മാനേജർക്ക് കൈമാറി. ജില്ലാ ഹരിതകേരളം മിഷന്റെ മാനദണ്ഡ പ്രകാരമുള്ള പ്രവർത്തനങ്ങൾ പൂർത്തിയാക്കിയാണ് സർഗ്ഗാലയയെ ഹരിത വിനോദ സഞ്ചാര കേന്ദ്രമായി തെരെഞ്ഞെടുത്തത്. സർഗ്ഗാലയയുടെ പ്രവർത്തനം ഇനി മുതൽ ഹരിതചട്ടം പാലിച്ച് മാത്രമായിരിക്കും. സന്ദർശകർക്കും ഇത് ബാധകമാവും.

## നീലേശ്വരം ഐ.ടി.ഐ. ഹരിത കലാലയമായി

കാസർഗോഡ് നീലേശ്വരം ഗവ : ഐ.ടി.ഐ.യെ ഹരിതകലാലയമായി പ്രഖ്യാപിച്ചു. പ്രിൻസിപ്പൾ എൻ.വെൽവിൻ സ്വാഗതം പറഞ്ഞ ചടങ്ങിൽ നീലേശ്വരം നഗരസഭാ ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ ടി.പി. ലത അദ്ധ്യക്ഷത വഹിച്ചു. നീലേശ്വരം നഗരസഭാ ചെയർപേഴ്സൺ ടി.വി. ശാന്ത ചടങ്ങ് ഉദ്ഘാടനം ചെയ്യുകയും ഹരിത കലാലയമായി പ്രഖ്യാപിക്കുക



യും സാക്ഷ്യപത്രം വിതരണം ചെയ്യുകയും ചെയ്തു. വാർഡ് കൗൺസിലർ വി.വി. ശ്രീജ, ഹരിതകേരളം മിഷൻ റിസോഴ്സ് പേഴ്സൺ പി.വി. ദേവരാജൻ മാസ്റ്റർ എന്നിവർ ആശംസയർപ്പിച്ച് സംസാരിച്ചു. ചടങ്ങിൽ മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിനിന്റെ ഭാഗമായുള്ള ശുചിത്വ പ്രതിജ്ഞ ചൊല്ലി. ഇൻസ്ട്രക്ടർ ഒ.കെ. സജിത് നന്ദി പറഞ്ഞു.



Chief Editor : Dr. T.N.Seema, State Coordinator, Navakeralam Karmapadhathi 2
Editorial Team : T.P. Sudhakaran, Asst. Cordinator | B. Manoj, Public Relations Officer | Anu Liya Jose, Young Professional | Archana Shaji, Young Professional
Design & Layout : Fousia P A, Graphic Designer | Content Contribution : District Mission Teams, Navakeralam Karmapadhathi 2
Published by Navakeralam Karmapadhathi 2, Statue, Trivandrum 01. Website : https://nkp.kerala.gov.in
Printed at Gramalakshmi Mudralayam, 9446639246